ശ്രീ. എം. കെ. കൃഷ്ണൻ: എന്നേക്ക പ്രവത്തനമാരംഭിക്കുവാൻ കഴിയുമെന്നു് ഇപ്പോഴം പറയാൻ നിവ്വാഹമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഇപ്പോഴം പോലീസുകാക്കു് വലിയ ജോലിയൊന്നും ഇല്ല. വെട്ടും കുത്തും എല്ലാം ഉണ്ടാകുമ്പോഴം നോക്കിനില്ക്കയാണു് അവരുടെ ജോലി. അതുകൊണ്ടു് കുറെ പോലീസു് സ്റ്റേഷനുകഠം കുറയ്ക്കുന്നതിനുള്ള നടപടി ഗവണ്മെൻറു് സ്വീകരിക്കുമോ

ശ്രീ. എം. കെ. കൃഷ്ണൻ: അതെല്ലാം ശ്രീ. ചാഴിക്കാടന്റെ അഭിപ്രായമാണു്.

ശ്രീ. കെ. ടി. ജോർജ്ജു്: ഓരോ സക്കിളിനേറയും കീഴിൽ എത്ര പോലീസു് സ്റ്റേഷനുകളുണ്ടു്. പറവൂർ സക്കിളിൽ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഓരോ സക്കിളിലും അഞ്ചു പോലീസു് സ്റ്റേഷനുകഠം ഉണ്ടെന്നു് ഞാൻ നേരത്തെതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: പല സ്ഥലങ്ങളിലും അനുവദം ലഭിച്ചിട്ടും പ്രവത്തനമാരംഭിച്ചിട്ടില്ലെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എവിടെയെല്ലാം പ്രവത്തനം തുടങ്ങിയിട്ടില്ല എന്നുള്ളതിന്റെ ലിസ്റ്റു് എന്റെ കൈവശമില്ല. വിവരം അന്വേഷിച്ചതിനുശേഷം എത്രയുംവേഗം തുറക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. എസ്സു്. ദാമോദരൻ: ആലപ്പുഴ സക്കിളിൽപ്പെട്ട മണ്ണുകുറി എന്ന സ്ഥലത്തു് ഒരു പോലീസു് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ പല സ്ഥലത്തുനിന്നും പല നിവേദനങ്ങളു് കിട്ടിയിട്ടുണ്ടു്. ഈ സ്ഥലത്തിന്റെ കാര്യം എനിക്കു് ഇപ്പോഴം അറിഞ്ഞുകൂടാ.

ശ്രീ. ഒ. കോരൻ: ഒരു സ്ഥലത്തു് പോലീസു് സ്റ്റേഷൻ സ്ഥാപിക്കണമെന്നും തീരുമാനിക്കുന്നതു് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു് ?

ശ്രീ. എം. കെ. കൃഷ്ണൻ: എനിക്കു് നല്ല നിശ്ചയമില്ല.

ശ്രീ. എൻ. കണപതി: சாதாரணமாக ஐந்து சப் ஸ்டேஷன் உள்ள இடத்தில் ஒரு சர்க்கிள் ஏற்படுத்துவது வழக்கம் மேலும் ஆயிரம் எண்ணூறு மைல்களுக்கு ஒரு சர்க்கில் வீதம் ஜனத்தொகை அடிப்படையில் மலப்புறங்களில் கூட்ட முடியுமா ?

ശ്രീ. എം. കെ. കൃഷ്ണൻ: വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സക്കിളം സ്ഥാപിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ശ്രീ. എം. രാമണ്ണി: സുൽത്താൻബത്തേരിയിൽ ഒരു പോലീസു് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായി പറയുകയുണ്ടായി. വാഹനസൗകര്യമില്ലാതെ വരാതിരിക്കാൻ വാഹനംകൂടി കൊടുക്കാൻ ഏർപ്പാടുണ്ടാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: സക്കിളം ഇൻസ്പെക്ടർക്കു് വാഹനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസനക്കുറ്റ്യം

* 137 [464] ശ്രീ. ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുവേണ്ടി വരുമാനവും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പഞ്ചായത്തു പ്രസിഡൻറിന്റെയോ, റവന്യൂ ഇൻസ്പെക്ടർമാരിൽനിന്നും പ്രത്യേകം പ്രത്യേകം വാങ്ങണമെന്നുള്ളതു് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വരുമാനത്തിൻറെയും ജാതിയുടേയും കാര്യത്തിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുപ്രസിഡണ്ട് നൽകുന്ന സർട്ടിഫിക്കറ്റ് മതിയെന്ന് നിർദ്ദേശിക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഈ ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതും ആരെയായിരിക്കണം സർട്ടിഫിക്കറ്റ് കൊടുക്കാൻ അധികാരപ്പെടുത്തേണ്ടതെന്നുള്ളതും ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കുഞ്ഞൻ: ഹരിജനങ്ങൾക്കുള്ള ലംപ്സംഗ്രാൻറും മറ്റും വാങ്ങിക്കണമെങ്കിൽ ഓരോ വർഷവും വരുമാനവും ജാതിയും തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കുറഞ്ഞ 10-ഉം 15-ഉം രൂപാ ചെലവാക്കി തഹശീൽദാരുടെ ആഫീസിൽപോയി വാങ്ങിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണ് ഇപ്പോഴത്തെ നിയമം. ഇതുകാരണം രക്ഷകർത്താക്കൾക്കും മറ്റും ബുദ്ധിമുട്ടും പണച്ചിലവും ഉണ്ടാകുന്നു എന്നുള്ളതിനെ പരിഗണിച്ച് അതാതു സ്ഥലത്തുള്ള വില്ലേജാഫീസറും പഞ്ചായത്തു പ്രസിഡൻറും ഈ സർട്ടിഫിക്കറ്റ് കൊടുത്താൽ മതിയെന്ന് തീരുമാനിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഓരോ വർഷവും ഹരിജൻ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വേണമെന്നു് യാതൊരു നിബന്ധനയുമില്ല. ഒരു കുട്ടി ആദ്യം സ്കൂളിൽ ചേരുമ്പോൾ മാത്രം സർട്ടിഫിക്കറ്റ് കൊടുത്താൽ മതിയെന്നു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നെ സർട്ടിഫിക്കറ്റ് തഹശീൽദാർ കൊടുക്കുന്നതിനു പകരം വില്ലേജാഫീസർ കൊടുത്താൽ പോരേ എന്ന കാര്യം വരുമ്പോൾ, തഹശീൽദാരാണു് അതു കൊടുക്കാനുള്ള അതാറിറ്റി എന്ന പ്രശ്നത്തിനുകൂടി പരിഹാരം കാണേണ്ടതുണ്ട്.

ശ്രീ. കെ. ഐ. രാജൻ: അവശകുസ്ത്യാനികൾക്കു് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രം കൊടുത്താൽ മതിയായിരുന്നു. എന്നാൽ പിന്നീടു് കൺവർട്ട് ചെയ്തവരുടെ തലമുറ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും വേണമെന്നു് ഒരു ഉത്തരവു പുറപ്പെടുവിച്ചു. ഇതു രണ്ടും പരസ്പരവിരുദ്ധമാണു്. അതുകൊണ്ടു് അവർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ കിട്ടാതെയും വരുന്നുണ്ടു്. ഈ കാര്യം പരിശോധിച്ചു് തലമുറ തെളിയിക്കണമെന്നുള്ള ഉത്തരവു് റദ്ദുചെയ്തു് അവർക്കുള്ള അവകാശങ്ങൾ അനുവദിച്ചുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: കൺവർട്ടുചെയ്ത ആളുകൾക്കു് തലമുറ തെളിയിക്കാതെ ഈ ആനുകൂല്യങ്ങൾ കൊടുക്കുമായിരുന്നു എന്നു പറയുന്നതു ശരിയല്ല. കാരണം ഇതു് കൺവർഷനാണു്. അപ്പോൾ കൺവർഷൻ എന്നു നടന്നു എന്ന കാര്യത്തിൽ ഒരു ഉറപ്പുണ്ടെങ്കിൽ മാത്രമേ കൺവർഷൻ അംഗീകരിക്കപ്പെടുകയുള്ളൂ. മുന്നു ജനറേഷനുള്ളിൽ കൺവർട്ടു ചെയ്യപ്പെട്ട ആളുകളാണെങ്കിൽ ആനുകൂല്യം കൊടുക്കുമെന്നായിരുന്നു മുമ്പത്തെ വ്യവസ്ഥയെങ്കിൽ ഈ ഗവൺമെൻറ് അഞ്ചു് ജനറേഷൻവരെ സർട്ടിഫിക്കറ്റു കൊടുത്താൽ ആനുകൂല്യങ്ങൾ കൊടുക്കാമെന്നു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: സർട്ടിഫിക്കറ്റു കൊടുക്കാനുള്ള അതാറിറ്റി തഹശീൽദാരാണെന്നു പറയുകയുണ്ടായി. ഈ വ്യവസ്ഥയ്ക്കു് മാറ്റംവരുത്തി വില്ലേജാഫീസറെത്തന്നെ ചുമതലപ്പെടുത്താൻ തയ്യാറാകുമോ ?

2/2506/70/J.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്യാം. കെ. കുഞ്ഞൻ: എന്റെ ഉത്തരം കേട്ടിരുന്നെങ്കിൽ ഇങ്ങനെ ഒരു ചോദ്യം ചോദിക്കുമായിരുന്നില്ല. ഈ അധികാരം ആക്ട് കൊടുക്കണമെന്നുള്ള കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നും "ബി" ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. മണി: ഹരിജനങ്ങളും മറ്റു സമുദായങ്ങളിലേക്കു മതപരിവർത്തനം ചെയ്ത അഞ്ചു തലമുറ കഴിഞ്ഞാൽ, അവരുടെ അവശത പരിഹരിക്കപ്പെട്ടുമെന്നുള്ളതു പുനഃപരിശോധന ചെയ്തു ഈ അവശസമുദായങ്ങൾക്കും മറ്റു അവശസമുദായങ്ങൾക്കുള്ളതുപോലെ വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റാനുകൂല്യങ്ങളും നൽകാൻ സോഷ്യലിസ്റ്റു ഗവർമ്മെന്റു് എന്നഭിമാനിക്കുന്ന ഈ ഗവണ്മെന്റു തയ്യാറാകുമോ ?

ശ്രീ. എം. കെ. കുഞ്ഞൻ: ആനുകൂല്യങ്ങളും ഹരിജനങ്ങൾക്കാണു് കിട്ടേണ്ടതെങ്കിൽ ഹരിജനങ്ങളിൽനിന്നും കൺവർട്ടചെയ്ത ക്രിസ്ത്യാനിട്ടുള്ളവർക്കു് കിട്ടണം. അതിനു വേണ്ടിയാണു് ഗവണ്മെന്റു് ചില വ്യവസ്ഥകളും വച്ചിട്ടുള്ളതു്. അതനുസരിച്ചു് അവർ കൺവർട്ടചെയ്തുപോയ കാലാവധി നോക്കാതെ ഈ ആനുകൂല്യങ്ങളും കൊടുക്കുന്നതു തെറ്റാണു്. കാരണം, ഇതിനു ഒരു പരിധി നിശ്ചയിക്കാതിരുന്നാൽ മുൻകാല ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ കൺവർട്ടചെയ്തുപോയ എല്ലാ ആളുകൾക്കും കൊടുക്കേണ്ടിവരും.

ശ്രീ. പി. കെ. രാഘവൻ: മതപരിവർത്തനം നടന്നു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റു കൊടുക്കുന്നതു് ആരാണു് ?

ശ്രീ. എം. കെ. കുഞ്ഞൻ: ഗവർമെന്റുദ്യോഗസ്ഥരാണു്.

ശ്രീ. പി. കെ. രാഘവൻ: മതപരിവർത്തനം നടന്നു എന്നു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റു് കൊടുക്കുന്നതിൽനിന്നും എം. എൽ. എ. മാരെ ഒഴിവാക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കുഞ്ഞൻ: സർട്ടിഫിക്കറ്റു വാങ്ങിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടു കുറയ്ക്കുന്നതിനുവേണ്ടിയാണു് അങ്ങനെ ചെയ്തതു്. എം. എൽ. എ. മാർക്കു് കൂടുതൽ അധികാരങ്ങൾ വേണമെന്നാണു് ഇപ്പോൾ അവകാശപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ശ്രീ. പി. കെ. രാഘവൻ: പത്തും പതിനഞ്ചും തലമുറ കഴിഞ്ഞവർക്കും എം. എൽ. എ. മാർ സർട്ടിഫിക്കറ്റു കൊടുക്കുന്നതുകൊണ്ടു് അർഹരായ പല ആളുകൾക്കും കിട്ടാതെ പോകുന്നുണ്ടു്. അതുകൊണ്ടാണു് എം. എൽ. എ. മാരെ ഒഴിവാക്കണമെന്നു് ഞാൻ ആവശ്യപ്പെട്ടതു്.

ശ്രീ. എം. കെ. കുഞ്ഞൻ: പത്തും പതിനഞ്ചും തലമുറയായവർക്കു് കൊടുക്കേണ്ട കാര്യമില്ല. അഞ്ചു തലമുറയിൽ ഉള്ളിൽ ആയവർക്കു് സർട്ടിഫിക്കറ്റു് കൊടുത്താൽ മതി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്കൂളിൽ ചേരുന്ന അവസരത്തിൽ സർട്ടിഫിക്കറ്റു കൊടുത്ത കുട്ടികൾ മറ്റൊരു സ്കൂളിൽ മാറിപ്പോവുകയാണെങ്കിൽ വീണ്ടും ജാതി സർട്ടിഫിക്കറ്റു കൊടുക്കണമെന്ന ഒരു നിബന്ധനയുണ്ടു്. അതു മാറ്റാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കുഞ്ഞൻ: അങ്ങനെ ഒരു വ്യവസ്ഥയില്ല. ചില സ്ഥലം അധികൃതർ അങ്ങനെ ചെയ്യുമെങ്കിലാകാം. ഹരിജനവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർ ചേരുന്ന അവസരത്തിൽമാത്രം കൊടുത്താൽ മതി. അങ്ങനെയാണു് ഉത്തരവു പാസ്സാക്കിയിട്ടുള്ളതു്. ഈ വിദ്യാർത്ഥികൾ മറ്റൊരു സ്ഥാപനത്തിലേക്കു് മാറിപ്പോകുന്ന അവസരത്തിൽ അവർക്കു കൊടുക്കുന്ന സർട്ടിഫിക്കറ്റിൽ ഈ കാര്യം പറഞ്ഞിരിക്കും. അതുകൊണ്ടു് പിന്നെയും സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ഈ മതപരിവർത്തനത്തെ ഗവൺമെന്റ് അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്ന നിലപാട് സ്വീകരിക്കാതെ, അവരുടെ സാമ്പത്തിക അവശതയാണ് പ്രധാന പ്രശ്നമെന്നുള്ള നിലയിൽ മുഴുവൻ ആനുകൂല്യവും കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. കൃഷ്ണൻ: സാമ്പത്തികാവശതയാണ് പരിഗണനയ്ക്കെടുക്കുന്നതെങ്കിൽ ഈ ആനുകൂല്യം മറ്റു പലർക്കും കൊടുക്കേണ്ടതായിട്ടുണ്ട്. ഉയർന്ന സമുദായത്തിലും സാമ്പത്തികമായ പ്രയാസങ്ങൾ അനുഭവിക്കുന്നവരുണ്ട്.

ശ്രീ. പി. കുഞ്ഞൻ: ഓരോ വർഷവും സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടെന്നു പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞവർഷവും ഈ വർഷവും സ്കൂളുകളിലും കോളേജുകളിലും സർട്ടിഫിക്കറ്റ് നിർബന്ധമായി വാങ്ങിയിട്ടുണ്ട് എന്നുള്ളതിനെ പരിഗണിച്ച് ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഏതെങ്കിലും സ്ഥലത്തു് അങ്ങനെ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട എന്നു് ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒന്നല്ല പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ട്. ഗവൺമെന്റ് നയം എന്നുള്ള നിലയിൽ സ്കൂൾ മാറുമ്പോൾ ഈ സർട്ടിഫിക്കറ്റ് ആവശ്യമില്ലാ എന്നു നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഈ നിർദ്ദേശങ്ങളും പലതും കൊടുത്തുകഴിഞ്ഞതാണ്. ഏതെങ്കിലും വിദ്യാലയാധികൃതർ ഹരിജനങ്ങളെ ബുദ്ധിമുട്ടിക്കാൻവേണ്ടി അങ്ങനെ ചെയ്യിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാമെന്നു പറഞ്ഞതു് അതുകൊണ്ടാണ്.

ശ്രീ. പി. കുഞ്ഞൻ: എല്ലാ സ്ഥാപനങ്ങളിലും ഈ കൊല്ലം സർട്ടിഫിക്കറ്റുകളും വാങ്ങിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: അതു ശരിയല്ല. ചില പ്രൈവറ്റുകാളേജുകളും വാങ്ങിയിരിക്കാം.

ശ്രീ. ഇ. അഹമ്മദ്: പിന്നാക്കസമുദായത്തിൽപ്പെട്ടി ആളുകളോടും ജാതിസർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് അവർക്കു വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. എം. കെ. കൃഷ്ണൻ: പിന്നാക്കസമുദായക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് എല്ലാകൊല്ലവും കൊടുക്കേണ്ടതില്ല. വരുമാനസർട്ടിഫിക്കറ്റ് കൊടുക്കണം. കാരണം വരുമാനം എപ്പോഴും ഒരുപോലെ മാറിക്കൊണ്ടിരിക്കും. വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ആനുകൂല്യം കൊടുക്കുന്നതു്. അതുകൊണ്ട് വരുമാനത്തിന്റെ സർട്ടിഫിക്കറ്റ് എല്ലാകൊല്ലവും കൊടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: കൊല്ലം ജില്ലയിലുള്ള എല്ലാ കോളേജുകളിലും ഇക്കഴിഞ്ഞവർഷം ഹരിജൻ വിദ്യാർത്ഥികളിൽനിന്നു് ഇൻകം സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും നിർബ്ബന്ധപൂർവ്വം വാങ്ങിക്കുകയും അതു കൊടുക്കാത്തകുട്ടികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും കിട്ടുന്നതിനുള്ള അപേക്ഷാഫാറംപോലും സ്വീകരിക്കാതിരിക്കുകയും ചെയ്തു എന്നുള്ള വസ്തുത ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് ഇനിമേലാലെങ്കിലും ഈവിധമുള്ള ഉപദ്രവം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. കൃഷ്ണൻ: നടപടി സ്വീകരിക്കാം.

ശ്രീ. എം കെ. ജോർജ്ജ്: മതപരിവർത്തനം നടത്തിയ ആളുകൾ 5 തലമുറ കഴിഞ്ഞിട്ടും അവശസമുദായത്തോടൊപ്പം അവശരായിക്കഴിയുകയാണ്. അവർക്ക് സാംസ്കാരിക നിലവാരത്തിലും അവശതയാണ്, സാമ്പത്തിക നിലവാരത്തിലും അവശതയാണ് മറ്റെല്ലാ മണ്ഡലങ്ങളിലും അവശതയാണ്. അവർക്കുകൂടി ഇത്തരം ഫീസാനുകൂല്യം ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ കൊടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഹരിജനങ്ങൾക്കു കൊടുക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുമറ്റുമുള്ള മാനദണ്ഡം അയിത്താചരണമാണ്. അയിത്താചരണത്തിൽനിന്നുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവയ്ക്കു പരിഹാരമായിട്ടാണ് ഈ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നത്. മതപരിവർത്തനം ചെയ്ത ആളുകൾക്കു ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യം സംസ്ഥാനഗവണ്മെന്റ് പ്രത്യേകം പരിഗണിച്ചുകൊടുക്കുന്ന ആനുകൂല്യമാണ്. അതുകൊണ്ടാണ് 5 തലമുറ എന്നു വച്ചിട്ടുള്ളത്.

ശ്രീ. എം. കെ. ജോർജ്ജ്: മതപരിവർത്തനം അവശതയുടെ കാരണമല്ലെന്നുള്ള കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ; മതപരിവർത്തനംകൊണ്ട് അവശത പരിഹരിക്കപ്പെട്ടതെന്ന് ഗവണ്മെന്റ് കണക്കാക്കുന്നില്ല.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടന

*138 (465) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടന ഏതുവിധത്തിൽ നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഈ വർഷം പുനഃസംഘടനാപരമായി എന്തെല്ലാം കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) 8-8-1969-ൽ അൺസ്റ്റാർഡ് ചോദ്യം 154-ന് നൽകിയിട്ടുള്ള മറുപടിയിലേയ്ക്ക് ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 8-8-1969-ൽ ചോദിച്ച കാര്യം എന്നു നടപ്പിലാകുമെന്നാണ് ഇപ്പോൾ ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്നു നടപ്പിലാകുമെന്നു ഇപ്പോൾ തീർത്തുപറയാൻ ഒക്കുകയില്ല.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു ചോദ്യം അൺസ്റ്റാർഡായി വന്നതാണെന്നു വച്ച് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാതിരിക്കുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരു ചോദ്യം സ്റ്റാർഡായിട്ടോ അൺസ്റ്റാർഡായിട്ടോ വന്നാൽ അതിനുമുൻപ് ഉത്തരം നൽകിയതാണെങ്കിൽ രണ്ടാമതും സഭയുടെ സമയം മിനക്കെടുത്തേണ്ട എന്നു വിചാരിച്ചാണ് ഇങ്ങനെ ചെയ്തത്.

ശ്രീ. കെ ടി. ജേക്കബ്: സർ, ചോദ്യം അനുവദിച്ചു സഭയിൽ വന്നാൽ.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly